# തുന്നൽ കാണാത്ത വിധം വക്കു തുന്നുന്നതെങ്ങനെ



വസ്ത്രങ്ങളുടെ വക്കടിക്കൽ അഥവാ ഹെമ്മിംങ് എങ്ങനെ പുറത്ത് കാണാത്ത തരത്തിൽ ചെയ്യാമെന്നാണ് ഈ വീഡിയോയിൽ നമ്മൾ പഠിക്കാൻ പോകുന്നത്. മെഷീനോടൊപ്പം ലഭിക്കുന്ന ബ്ലൈന്റ് ഹെം ഫുട്ട് ഇതിന് ഉപയോഗിക്കുന്നു



ഇതിന് ഉരു കഷ്ണം തുണി ബ്ലൈന്റ് ഹെമ്മിംങ് ഫുട്ട് ബീഡഡ് പിൻസ് ഒരു ഇലക്ട്രിക്ക് അയൺ, മാച്ച് ചെയ്യുന്ന നൂല് എന്നിവ നിങ്ങൾക്ക് വേണം.

പത്തിഞ്ച് നീളവും പത്തിഞ്ച് വീതിയുമുള്ള ഒരു തുണി എടുക്കുക. തുണിയുടെ തെറ്റായ ഭാഗം മുകളിലേയ്ക്കാക്കി വയ്ക്കുക. തുണിയുടെ അടിഭാഗത്ത് അര ഇഞ്ച് വീതിയിൽ മടക്കി, അമർത്തി മടക്കിന്റെ വര ഉറപ്പ് വരുത്തുക. മുകളിൽ നിന്നും അര ഇഞ്ച് മടക്കി എടുത്ത് വീഡിയോയിൽ കാണുന്നതു പോലെ ആദ്യത്തെ മടക്കിന്റെ മുകളിലായി വയ്ക്കുക.

ഈ രണ്ട് മടക്കുകളും ഭദ്രമായി പിടിച്ച് ക്രീസിന്റെ മുകളിലൂടെ ഇസ്തിരി ഇടുക.  ഇസ്തിരി ഇട്ട ശേഷം തുണിയുടെ മടക്കുകൾ ബീഡഡ് പിൻ കൊണ്ട് കുത്തി ഉറപ്പിക്കുക. ബ്ലൈന്റ് ഹെമ്മിംങ് തുടങ്ങുന്നതിന് മുമ്പ് ഇത് പല തവണ ചെയ്ത് പഠിക്കുക.

വൃത്തിയായി മടക്കാൻ പഠിച്ച ശേഷം തുന്നൽ മെഷീനിലേയ്ക്ക് പോകാം.

ബ്ലൈന്റ് ഹെമ്മിംങ് ഫുട്ട് ഘടിപ്പിക്കുന്നതിന് ബാലൻസ് വീൽ നിങ്ങളുടെ അടുത്തേയ്ക്ക് നീക്കി നീഡിൽ ഉയർത്തുക. പ്രസ്സർ ഫുട്ട് ഉയർത്തുക. ഘടിപ്പിച്ച ഫുട്ട് റിലീസ് ചെയ്യുവാൻ ലീവർ പുഷ് ചെയ്യുക.

ബ്ലൈന്റ് ഹെമ്മിംങ് ഫുട്ട് പിടിപ്പിച്ച ശേഷം ലീവർ താഴ്ത്തി അത് ക്ലാമ്പ് ചെയ്യുക. ബ്ലൈന്റ് ഹെമ്മിംങ് ഫുട്ട് ഘടിപ്പിച്ച ശേഷം മടക്കിയ തുണിക്കഷ്ണം ഫുട്ടിന്റെ അടിയിലേയ്ക്ക് വയ്ക്കുക. നീഡിൽ മടക്കിയ വക്കുമായി യോജിച്ചിരിക്കണം. ഫുട്ട് താഴ്ത്തുക.

പാറ്റേൺ സെലക്ടർ നോബ് സ്റ്റിച്ച് എഫിൽ സെറ്റ് ചെയ്യുക. സ്റ്റിച്ച് ലെങ്ത് രണ്ടിനും മൂന്നിനും ഇടയിൽ സെലക്ട് ചെയ്യുക. നീഡിൽ ഫോൾഡുമായി തികച്ചും യോജിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ ബാലൻസ് വീൽ നിങ്ങളുടെ അടുത്തേയ്ക്ക് തിരിക്കുക.



ബ്ലൈന്റ് ഹെം ഫുട്ട് ഗൈഡ് തുണിയുടെ മടക്കിലൂടെ ഓടുന്നുണ്ട് എന്ന് ഉറപ്പുവരുത്തി ശ്രദ്ധാപൂർവ്വം തുന്നാൻ തുടങ്ങുക. അവസാനം എത്തുമ്പോൾ പാദം ഉയർത്തുക. അധികം ഉള്ള നൂൽ മുറിച്ച് കളയുക.

കഴിഞ്ഞു, ഹെമ്മിംങ് കഴിഞ്ഞു. മടക്ക് തുറന്ന് തുന്നലിന്റെ മാതൃക ഹെമ്മിനെ എങ്ങനെ ഉറപ്പിച്ച് നിർത്തുന്നു എന്ന് നോക്കുക. തുണി മറിച്ചിട്ട് തുണിയുടെ പുറം ഭാഗം നോക്കുക. തുന്നൽ എത്ര ചെറുതും ഫലത്തിൽ കാണാൻ കഴിയാത്തതുമാണ് എന്ന് കാണാം.

ഏത് തുണിയും ഹെം ചെയ്ത് കഴിഞ്ഞാൽ, ഹെമ്മിന് മുകളിൽ കൂടി ഇസ്തിരി ഇടണം എന്നത് പ്രധാനമാണ്. ഇത് തുണിയുടെ വെടിപ്പും ഭംഗിയും വർദ്ധിപ്പിക്കും.

ഈ സ്കേർട്ട് ഹെം ചെയ്തതാണ്. തുണിയുടെ പുറം ഭാഗത്ത് തുന്നൽ നടത്തിയ സ്ഥലത്ത് വളരെ ചെറിയ കുത്തുകൾ മാത്രമേ നിങ്ങൾക്ക് കാണാൻ കഴിയുകയുള്ളൂ. ഇത് തുണിക്ക് ഒരു പ്രൊഫഷണൽ ലുക്ക് നൽകുന്നു.



നിങ്ങൾക്ക് ആത്മവിശ്വാസവും പൂർണ്ണതയുള്ള ഹെമ്മും കിട്ടുന്നതുവരെ പലതരം തുണികളിൽ ഹെമ്മിംങ് പ്രാക്ടീസ് ചെയ്യുക.